LIBRARY ARCHIVES Kerala Legislative Assembly

ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ

880 [1355] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു;

(ബി) ഇതിൽ ശരിയായ നിലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾ എത്ര; പ്രവർത്തന രഹിതമായി കിടക്കുന്നതു എത്ര എന്നു വിശദീകരിക്കുമോ;

(സി) പ്രവർത്തനരഹിതമായി കിടക്കുന്ന സൊസൈറ്റികൾ പുനർ ജീവിപ്പിക്കുന്നതിനു ഗവൺമെൻറ് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 85 ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 62 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

(ബി) 45 സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമാണ്. 17 എണ്ണത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. 23 സംഘങ്ങൾ പ്രവർത്തന രഹിതരാണ്.

(സി) ലേബർ കോൺട്രാക്റ്റ് സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ ഒരു പരിപാടി പരിഗണനയിലുണ്ട്.

കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി

881 [1356] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

ശ്രീ. സി. വാസുദേവമേനോൻ:

ശ്രീ. എം. വി. രാഘവൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും–സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ആസ്ഥാനമാക്കി ഒരു കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള എന്തെങ്കിലും ആലോചന നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നേയ്ക്ക് ഈ സ്ഥാപനം നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ഒരു കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.